# കാറ്റഗറി നമ്പർ 144/2023

താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ **പട്ടികവർഗ്ഗത്തിൽപ്പെട്ട** യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഒറ്റത്തവണ രജിസ്ട്രേഷന് ശേഷം ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിലവിൽ രജിസ്ട്രേഷൻ ഉള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാം. **ആധാർകാർഡ് ഉള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർകാർഡ് ID proof ആയി നൽകേണ്ടതാണ്.**

1 **വകുപ്പ്** : **ജയിൽ**

2 **ഉദ്യോഗപ്പേര്** : **വനിത അസിസ്റ്റന്റ് പ്രിസൺ ഓഫീസർ**
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് - പട്ടികവർഗ്ഗം മാത്രം )

**നോട്ട്** - വികലാംഗരും പുരുഷ ഉദ്യോഗാർത്ഥികളും ഈ ഉദ്യോഗത്തിന് അപേക്ഷിക്കാൻ അർഹരല്ല.

3 **ശമ്പളം** : ₹ 27900-63700 /-

4 **ഒഴിവുകളുടെ എണ്ണം** : **01 (ഒന്ന്)**

**കുറിപ്പ്:-** i) ഈ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും പ്രാബല്യമുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ നിയമന രീതിയിൽ ഈ തസ്തികയുടെ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയ്ക്ക് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും റാങ്ക് പട്ടിക പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികവർഗ്ഗക്കാർക്ക് മാത്രമായി അറിയിക്കുന്ന ഒഴിവുകളിലേക്കും ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ നിന്നും നിയമനം നടത്തുന്നതാണ്.

ii) GO(P)No.89/2014/Home dated 06.05.2014, GO(P)N0.266/2010/Home dated 9.12.2010 എന്നീ ഉത്തരവുകൾ പ്രകാരമാണ് ഈ തസ്തികയുടെ പേര്,യോഗ്യതകൾ, മറ്റ് അനുബന്ധ വ്യവസ്ഥകൾ എന്നിവ വിജ്ഞാപനം ചെയ്തിരിക്കുന്നത്

Iii) a) ഈ തസ്തികയിൽ നിയമിതരാകുന്ന ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.
(b) നിയമിതരാകുന്നവർ വകുപ്പ് മേധാവിയുടെ നിർദ്ദേശാനുസരണം ഇൻ-സർവ്വീസ് ട്രെയിനിംഗ് പൂർത്തിയാക്കേണ്ടതാണ്.
(c)കേരള ജയിൽ സബോർഡിനേറ്റ് ഓഫീസേർസ് പരീക്ഷ ഇതിനകം വിജയിച്ചിട്ടില്ലാത്ത പക്ഷം പ്രൊബേഷൻ കാലാവധിക്കുള്ളിൽ തന്നെ അവർ പ്രസ്തുത പരീക്ഷ വിജയിക്കേണ്ടതാണ്
(d) വാർഡർ എസ്റ്റാബ്ലിഷ്മെന്റിൽ മറ്റ് തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനായി സംസ്ഥാനതല സീനിയോരിറ്റി ലിസ്റ്റ് സൂക്ഷിക്കുന്നതാണ്.

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം (സംസ്ഥാനതലം )
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് - പട്ടികവർഗ്ഗം)

**കുറിപ്പ്:-** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6 **പ്രായപരിധി** : 18 - 41 വയസ്സ്,
ഉദ്യോഗാർത്ഥികൾ 02.01.1982-നും 01.01.2005-നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:-** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന് പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ**

**(1)** എസ്.എസ്.എൽ.സി പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം.

കുറിപ്പ് :- i) യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10(a)ii ഈ തസ്തികയ്ക്ക് ബാധകമാണ്

ii) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ, എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത / ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**(2)** താഴെ പറയുന്ന വിധത്തിലുള്ള കായിക ശേഷി ഉണ്ടായിരിക്കണം.

i) ഉയരം - 150 സെന്റീമീറ്റർ

(ii) **കാഴ്ചശക്തി**- താഴെപ്പറയുന്ന വിധത്തിൽ (കണ്ണട കൂടാതെ) കാഴ്ച ശക്തിയുണ്ടെന്ന് തെളിയിക്കുന്നതിന് അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാതെയുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

| | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| (എ) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| (ബി) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ. |

(സി) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി (ഫീൽഡ് ഓഫ് വിഷൻ) ഉണ്ടായിരിക്കണം. കളർ ബ്ലൈൻഡ്നസ്, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടേയോ ഏതെങ്കിലും തരത്തിലുള്ള രോഗാവസ്ഥ ഇവ അയോഗ്യതകളായി പരിഗണിക്കുന്നതാണ്.

(iii) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല്, ഉന്തിയ പല്ലുകൾ, കേൾവിയിലും സംസാരത്തിലുമുള്ള ശാരീരിക ന്യൂനതകൾ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(iv) **കായികക്ഷമതാ പരീക്ഷ**:- മുകളിൽ പറഞ്ഞിരിക്കുന്ന യോഗ്യതകൾക്ക് പുറമേ ഓരോ ഉദ്യോഗാർത്ഥിയും **വൺ സ്റ്റാർ** നിലവാരത്തിലുള്ള നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ താഴെ പറയുന്ന എട്ടിനങ്ങളിൽ (8) ഇനങ്ങളിൽ ഏതെങ്കിലും അഞ്ചിനങ്ങളിൽ (5) യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | മിനിമം സ്റ്റാന്റേർഡ് ഓഫ് എഫിഷ്യൻസി |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2 | ഹൈജംപ് | 1.06 മീറ്റർ |
| 3 | ലോംഗ് ജംപ് | 3.05 മീറ്റർ |
| 4 | ഷോട്ട്പുട്ട് എറിയൽ (4 Kg ) | 4.88 മീറ്റർ |
| 5 | 200 മീറ്റർ ഓട്ടം | 36 സെക്കന്റ് |
| 6 | ത്രോ ബോൾ എറിയൽ | 14 മീറ്റർ |
| 7 | ഷട്ടിൽ റേസ് (25 *4 മീറ്റർ ) | 26 സെക്കന്റ് |

| | | |
|---|---|---|
| 8 | സ്കിപ്പിംഗ് (ഒരു മിനിട്ടിനുള്ളിൽ) | 80 തവണ |

**കുറിപ്പ്:-** ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായിക ക്ഷമതാ പരീക്ഷയ്ക്ക് മുൻപ് എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥിക്ക് കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിന് വീണ്ടും അവസരം നൽകുന്നതല്ല. ഉദ്യോഗാർത്ഥികൾ കായികക്ഷമതാ പരീക്ഷാസമയത്ത് താഴെ കൊടുത്തിട്ടുള്ള ഫോറത്തിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജനിൽ /ജൂനിയർ കൺസൾട്ടന്റിൽ കുറയാത്ത റാങ്കുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ശാരീരിക യോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ചശക്തിയും തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതും ആയത് പ്രമാണ പരിശോധനസമയത്ത് അവരുടെ പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്.

## MEDICAL CERTIFICATE

I have this day, medically examined Smt ........................................................................ (Name & address) and found that she has no diseases or infirmity which would render her unsuitable for Government Service. Her age according to her own statement is ............................................... and by appearance is .................................... years. Her standards of vision (without glasses) are as follows:

### Standards of Vision

| | Right Eye | Left Eye |
|---|---|---|
| (i) Distant Vision | ................ Snellen | ............. Snellen |
| (ii) Near Vision | ................ Snellen | ............. Snellen |
| (iii) Field of Vision | .................... | .................. |

(Specify whether field of vision is full or not. Entries such as Normal, Good etc. are inappropriate here)

(iv) Colour blindness : ................

(v) Squint : .......................

(vi) Any morbid conditions of the eye or Lids of either eye ..............................

(vii) She is physically fit for the post of Female Assistant Prison officer in the Prisons Department .

I certify to the best of my knowledge and belief that the applicant, Smt…..............................is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Ophthalmologist shall be affixed on the photograph leaving the face clear)

| Photo of the candidate |
|---|

Signature

Place : Name and Designation of

Date : the Medical Officer

(Office Seal)

**Note:-** Details regarding standards of vision should be clearly stated in the Certificate as given above and vague statement such as vision Normal/Good will not be accepted. Specification for each eye should be stated separately. If the specifications are not as indicated above, the officer issuing the Certificate should certify whether the candidate has got better standards of vision or worse standards of vision as the case may be, otherwise the certificate will not be accepted.

**കുറിപ്പ്:** ഉദ്യോഗാർത്ഥികൾ മേൽ പരാമർശിച്ചിട്ടുള്ള ശാരീരിക അളവുണ്ടെന്ന് തെളിയിക്കുന്നതിന് താഴെക്കൊടുത്തിരിക്കുന്ന മാതൃകയിൽ ഒരു സർക്കാർ / എയ്ഡഡ് കോളേജ് സ്ഥിരം കായിക അദ്ധ്യാപകൻ / അദ്ധ്യാപിക സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ടതാണ്.

**PHYSICAL MEASUREMENT CERTIFICATE**

(Vide G.O (M.s) No. 26/2022/P&ARD dated 27.11.2022)

Passport Size Photo

Signature and Seal of the Examiner

I have this day, physically measured / examined and verified the identity of Smt ..................................................... Aged ..................................... years, residing at .......................... ........................................................................................................................................................................ and recorded the following physical measurement standards, as shown below, I certify the same as the correct and fair measurement to the best of my experience, knowledge and belief, and also certify that it was measured according to latest metric standards, using legally calibrated measuring units.

**1)** Name of the Candidate :

**2)** Age :

**3)** Height (in Cms) barefoot :

**4)** Chest Measurement bare foot :

a) On full expiration (normal) in Cms :

b) On full inpiration (on expansion) in Cms :

c) Differnce (Expansion) in Cms :

**5)** Weight (in Kgm) :

**6)** Permanent identification marks :

1.

2.

Date and Time of Physical Measurement taken :

**7)** Signature of the candidate

Signature:

Name :

Designation:

**(Office Seal)** & PEN of Issuing Authority:

**8. അപേക്ഷ സമർപ്പിക്കേണ്ട വിധം :**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. **01/01/2023 മുതൽ പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത അവരുടെ ഫോട്ടോഗ്രാഫ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്** നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും

9 **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 16.08.2023** അർദ്ധരാത്രി 12 മണി വരെ

10 **അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം : www.keralapsc.gov.in**

11 21/08/2007 ലെ സർ ക്കാർ ഉത്തരവ്(കൈയ്യെഴുത്ത്) നം .112/2007/ഉ.വി പ്രകാരം എൻ .സി.സി ക്ക് A,B,C, സർട്ടിഫിക്കറ്റുകൾ ഉള്ള ഉദ്യോഗാർത്ഥികൾക്ക് യഥാക്രമം 2%,3%,5% എന്ന നിരക്കിൽ വെയിറ്റേജ് മാർ ക്ക് നൽകുന്നതാണ്.

12 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17.01.1976-ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 - ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958- ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

14 ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലും നൽകുന്നതാണ്.

15 **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ :**

1. ഉദ്യോഗാർത്ഥികളുടെ SSLC ബുക്കിലെ ജാതി സംബന്ധിച്ച രേഖപ്പെടുത്തലിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ ഉദ്യോഗാർത്ഥികൾ ശരിയായ ജാതി അപേക്ഷയിൽ അവകാശപ്പെടുകയും ആയത് തെളിയിക്കുന്നതിനുള്ള ബന്ധപ്പെട്ട റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്, ഇത് സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം എന്നിവ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

2. ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയ ശേഷം അപേക്ഷ സമർപ്പിക്കേണ്ടതാണ്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

3. വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

<u>(ഫോട്ടോ, ഐ ഡി ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് പൊതു വ്യവസ്ഥകൾ നോക്കുക)</u>

|സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ